(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനമൂലമുണ്ടായ അധികച്ചെലവ്

3 [*333] ശ്രീ. കെ. വി. കുഞ്ഞിരാമൻ :
,, സാജു പോൾ :
,, എം. വി. ഗോവിന്ദൻ മാസ്റ്റർ :
,, വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോളിയം ഉൽപന്നങ്ങളുടെ വില വർദ്ധന കെ. എസ്. ആർ. ടി. സി.-യുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചതായി കരുതുന്നുണ്ടോ ;

(ബി) പെട്രോളിയം ഉൽപന്നങ്ങളുടെ വില വർദ്ധനവിലൂടെ സംസ്ഥാന സർക്കാരിന് നികുതി ഇനത്തിൽ ലഭിക്കുന്ന അധിക വരുമാനത്തിൽ നിന്നും കെ. എസ്. ആർ. ടി. സി.-ക്ക് സഹായം ലഭിച്ചിട്ടുണ്ടോ ;

(സി) പെട്രോളിയം ഉൽപന്നങ്ങളുടെ വിലയിൽ ഏറ്റവും ഒടുവിലുണ്ടായ വർദ്ധനമൂലം കെ. എസ്. ആർ. ടി. സി.-ക്ക് ഉണ്ടായ അധിക ചെലവിനെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) പ്രതിമാസം 2.34 കോടി രൂപയുടെ അധിക ചെലവാണ് ഉണ്ടാകുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

4 [*334] ശ്രീ. പി. സി. ജോർജ് :
,, കെ. പി. സതീശ്ചന്ദ്രൻ :
,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ മാനേജ്മെന്റുകളുടെ പ്രവർത്തനത്തിലെ വൈകല്യങ്ങളും വീഴ്ചകളും മൂലം തകർച്ച നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly